തിരുവല്ല ബൈപാസ് നിർമ്മാണം

86 [685] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി :

ശ്രീ. ജോസഫ് എം. പുതുശ്ശേരി :

,, തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം. സി. റോഡിലുള്ള നിർദ്ദിഷ്ട തിരുവല്ല ബൈപ്പാസ് നിർമ്മാണത്തിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനായി സ്ഥലം ഏറ്റെടുക്കുന്നതിൽ വന്നിട്ടുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ ജോലി അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ലോകബാങ്ക് സഹായത്തോടെ കെ. എസ്. റ്റി. പി. യുടെ രണ്ടാം ഘട്ടറോഡു വികസന പദ്ധതിയിൽ തിരുവല്ല ബൈപാസ് (2.260 കി. മീ.) ഉൾപ്പെടുത്തിയിട്ടുണ്ട്. എം. സി. റോഡിൽ ചെങ്ങന്നൂർ ഏറ്റുമാന്നൂർ റോഡിന്റെ നിർമ്മാണത്തോടൊപ്പം ബൈപാസും നിർമ്മിക്കുന്നതാണ്. പ്രസ്തുത പണിക്ക് ലഭിച്ച ടെണ്ടർ സൂക്ഷ്മ പരിശോധനയിലാണ്.

(ബി) പൊന്നും വില നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) നിർദ്ദേശങ്ങൾ നൽകി കഴിഞ്ഞു.

തിരുനെൽവേലിയിലേക്ക് റോഡ് നിർമ്മാണം

87 [686] ശ്രീ. ബി. വിജയകുമാർ :

ഡോ. എം. എ. കുട്ടപ്പൻ:

ശ്രീ. എൻ. ഡി. അപ്പച്ചൻ:

പ്രൊഫ. കെ. വി. തോമസ്:

ശ്രീ. കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാട്ടാക്കട, കോട്ടൂർ അംബാസമുദ്രം വഴി തിരുനെൽവേലിയിലേക്ക് റോഡ് നിർമ്മിക്കേണ്ടതിന്റെ സാമൂഹ്യ-സാമ്പത്തിക വശങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത റോഡ് നിർമ്മിക്കാൻ നടപടിയെടുക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(സി) പ്രസ്തുത റോഡ് നിർമ്മിക്കുന്നതിന്റെ ഫലമായി തിരുവനന്തപുരത്തുനിന്നും തിരുനെൽവേലിക്കുള്ള ദൂരം എത്ര കണ്ട് കുറയുമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly